നം. സി.ആർ 1990/2023

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ,
തിരുവനന്തപുരം.
തിയതി. 30-05-2023.

## സർക്കുലർ

വിഷയം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ നിർബന്ധമായും ഹാജരാക്കുന്നത് - സംബന്ധിച്ച്.

സൂചന - 24-04-2023 -ാം തീയതിയിലെ കൃഷി(ഇ.ബി) വകുപ്പിന്റെ സർക്കുലർ നമ്പർ ഇ.ബി 1/57/2023-കൃഷി

..............

കൃഷി വകുപ്പിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പ്രെമോഷനായി DPC ചേരുമ്പോൾ field of choice -ൽ ഉള്ള പല ഉദ്യോഗസ്ഥരും CR നൽകിയിട്ടില്ല എന്നുള്ള കാരണത്താൽ പ്രെമോഷനുള്ള സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതായും പിന്നീട് ആയത് കോടതി വ്യവഹാരത്തിനും തുടർന്ന് അഡ്ഹോക്ക് DPC കൂടുന്നതിനും വഴിവയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇനി മുതൽ " CR നൽകിയിട്ടില്ല / പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ല " എന്നുള്ള കാരണത്താൽ DPC -ൽ നിന്ന് ഒഴിവാക്കാൻ പാടുള്ളതല്ല എന്ന് പി.എസ്.സി മെമ്പറും സർക്കാരും കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ച് സർക്കാർ സൂക്ഷിക്കേണ്ട ഒരു പ്രധാന രേഖയാണ് CR. ആയതിനാൽ CR സമർപ്പിക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും, റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ആഫീസറുടെ ഭാഗത്തുനിന്നുമുള്ള ഗൗരവതരമായ വീഴ്ചയായി സർക്കാർ കാണുന്നു. യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ CR സമർപ്പിച്ചിട്ടില്ലാ എങ്കിൽ റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ആഫീസർ CR ഫോമിലോ SCORE -ലോ ടി ആഫീസറുടെ CR/PAR രേഖപ്പെടുത്തി മേലധികാരിക്ക്/CR സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ നടക്കാൻ പോകുന്ന DPC -യുടെ പരിഗണനാ പട്ടികയിലുള്ള ഉദ്യോഗസ്ഥരുടെ CR റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ആഫീസർ 01-06-2023 വൈകിട്ട് 3.00 PM -ന് മുമ്പായി ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആയത് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രൊബേഷൻ കാലഘട്ടം പൂർത്തിയാക്കിയിട്ടും പ്രൊബേഷൻ പ്രഖ്യാപിക്കാത്ത കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ലഭ്യമായ വിവരങ്ങൾ വച്ച് പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ച കാര്യങ്ങളിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്കനടപടി കൈക്കൊള്ളുന്നതായിരിക്കും എന്ന വിവരവും അറിയിക്കുന്നു.

കൃഷി വകുപ്പ് ഡയറക്ടർക്കുവേണ്ടി

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

പകർപ്പ്:

1. എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും
2. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകൾക്കും
3. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.

NB 30 05 23